# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.137** — **11.02.2013-ൽ മറുപടിക്ക്**

## 'നീര' ഉത്പാദിപ്പിക്കുന്നതിനുള്ള ലൈസൻസ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.അജിത്<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.വി.ശശി<br>ശ്രീ.ഇ.കെ. വിജയൻ | | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) നാളികേര വിലയിടിവുകൊണ്ട് നട്ടം തിരിയുന്ന കേര കർഷകരെ സഹായിക്കുന്നതിനായി നീര ഉല്പാദിപ്പിക്കുന്നതിന് ലൈസൻസ് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) & ബി) | ഇല്ല. എന്നാൽ നീരയുടെ ഉല്പാദനവും വിതരണവും സംബന്ധിച്ച് പഠനം നടത്തുവാൻ നികുതിവകുപ്പ് ഒരു ഉന്നത തല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| ബി) ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ടാണ് ഇതിന് വേണ്ടിയുള്ള ചർച്ചകൾ നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | | |
| സി) ലൈസൻസ് നൽകുന്നതിന് എക്സൈസ് വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ എക്സൈസ് വകുപ്പ് ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയാമോ; ഈ വകുപ്പിൽനിന്നും ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ? | സി) | എക്സൈസ് വകുപ്പിന്റെ അനുമതി ആവശ്യമാണ്. 15/01/2013-ലെ സ.ഉ.(സാധാ)നം.38/2013/നി.വ. ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഉന്നതതല കമ്മിറ്റിയുടെ അന്തിമ പഠന റിപ്പോർട്ട് കിട്ടിയതിനു ശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ. ഈ കമ്മിറ്റിയിൽ കർഷക സംഘടനകളുടേയും കൃഷിവകുപ്പിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**